**ഗ്രാമവികസന കമ്മീഷണറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

**(ഹാജർ: എച്ച്.നജീബ്)**

**സംഗ്രഹം**

ഗ്രാമവികസന വകുപ്പ്-ജീവനക്കാര്യം- പൊതുസ്ഥലമാറ്റം-2022 - കരട് ലിസ്റ്റ് - പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു

---

**ഉത്തരവ് നം.1646/എസ്റ്റാ.ബി3/2021/സിആർഡി തീയതി:** 08/06/2022

---

പരാമർശം : 1. സ.ഉ.(അ) നമ്പർ 03/2017/ഉഭപവ/ തീയതി 25.02.2017

2. ഈ ഓഫീസിൽ നിന്നുള്ള 16/05/2022 ലെ 1646/എസ്റ്റാ.ബി3/ 2021/സിആർഡി നമ്പർ സർക്കുലർ

**ഉത്തരവ്**

സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലമാറ്റവും നിയമനവും ഓൺലൈൻ സംവിധാനത്തിലൂടെ നടത്തുന്നതിന് നിർദ്ദേശം നൽകി പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ഗ്രാമവികസന വകുപ്പിലെ ജീവനക്കാരുടെ പൊതു സ്ഥലം മാറ്റം ഓൺലൈൻ മുഖേന നടത്തുന്നതിന് അപേക്ഷകൾ ക്ഷണിച്ച പരാമർശം (2) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ അപേക്ഷകൾ പരിഗണിച്ച് പൊതു സ്ഥലം മാറ്റത്തിനുള്ള കരട് സാധ്യതാ പട്ടിക ഈ ഉത്തരവിന് അനുബന്ധമായി ചേർത്ത് പ്രസിദ്ധീകരിക്കുന്നു. എല്ലാ ഓഫീസ് മേധാവിമാരും ബന്ധപ്പെട്ട കരട് ലിസ്റ്റ് എല്ലാ ജീവനക്കാരുടെയും ശ്രദ്ധയിൽപെടുത്തേണ്ടതാണ്. കരട് സാധ്യതാപട്ടിക സംബന്ധിച്ച് ഉദ്യോഗസ്ഥർ സമർപ്പിക്കുന്ന പരാതികൾ / ആക്ഷേപങ്ങൾ അതാത് ഡി.ഡി.ഒ മാർ ജില്ലാ മേധാവി മുഖേന, ബന്ധപ്പെട്ട രേഖകൾ സഹിതം **15.06.2022. ന് വൈകിട്ട് 5.00 മണിക്ക് മുമ്പായി** ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. ടി സമയപരിധിയ്ക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. അതാതു ദിവസം ലഭിക്കുന്ന അപേക്ഷകൾ തസ്തിക തിരിച്ച് അന്നേ ദിവസം തന്നെ ഇ-മെയിൽ (mail.crd@kerala.gov.in ) മുഖേന ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്

D